**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 16** **12-10-2026-ൽ മറുപടിയ്ക്ക്**

**ബിസിനസ് പോളിസി ആൻഡ് പ്രോസസ് റീ-എഞ്ചിനീയറിംഗ് സെൽ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. ആർ. ബൈജു
ശ്രീ. എൻ. ശക്തൻ
ശ്രീ. സി. വി. ശാന്തകുമാർ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** പൊതുഭരണ സംവിധാനങ്ങൾ മെച്ചപ്പെടുത്താനും കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്ക്കരിക്കാനും സർക്കാർ തീരുമാനിച്ച ബിസിനസ് പോളിസി ആൻഡ് പ്രോസസ് റീ-എഞ്ചിനീയറിംഗ് സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

**മറുപടി:** ഉണ്ട്. നിലവിലെ ഭരണനിർവഹണ ബിസിനസ് പ്രക്രിയകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കാലഹരണപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, മാന്വലുകൾ എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിനുമായി 20.07.2026 ലെ സ.ഉ.(കൈ) നം.78/2026/GAD ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ ബിസിനസ് പോളിസി ആൻഡ് പ്രോസസ് റീ-എഞ്ചിനീയറിംഗ് സെൽ (BPPR Cell) രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി തലത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ ചീഫ് സെക്രട്ടറി മുഖേന മുഖ്യമന്ത്രി/മന്ത്രിസഭയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന തരത്തിൽ സെല്ലിന്റെ ചുമതലക്കാരനായി നിയമിച്ചിട്ടുണ്ട്. ജോയിന്റ്/ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് (3), കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് (2) എന്നിങ്ങനെ 9 തസ്തികകൾ ഉൾപ്പെടുന്ന സ്റ്റാഫ് ഘടന അംഗീകരിച്ചിട്ടുണ്ട്.

സെല്ലിന്റെ പ്രാരംഭ പ്രവർത്തന കാലാവധി 2 വർഷമാണ്.

**(ബി)** വിവിധ വകുപ്പുകളുടെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും റീ- എഞ്ചിനീയറിംഗ് സെല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; സെല്ലിന്റെ നടപടികൾ എങ്ങനെയാണെന്ന് വിശദമാക്കാമോ;

**മറുപടി:** വിവിധ വകുപ്പുകളുടെ പദ്ധതികളുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്ന നടപടിക്രമങ്ങൾ പുനഃപരിശോധിച്ച് ലഘൂകരിക്കുക എന്നതാണ് സെല്ലിന്റെ ചുമതല.

**സെൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ:**

(1) എല്ലാ വകുപ്പുകളും ജോയിന്റ്/ഡെപ്യൂട്ടി സെക്രട്ടറി തലത്തിലുള്ള നോഡൽ ഓഫീസറെ നാമനിർദ്ദേശം ചെയ്യുകയും ബന്ധപ്പെട്ട ആക്ടുകൾ, ചട്ടങ്ങൾ, മാന്വലുകൾ, സർക്കുലറുകൾ, സർക്കാർ

ഉത്തരവുകൾ, അധികാര വികേന്ദ്രീകരണ ഉത്തരവുകൾ, പരിഗണനയിലുള്ള ചട്ട ഭേദഗതി നിർദ്ദേശങ്ങൾ എന്നിവ സെല്ലിന് ലഭ്യമാക്കുകയും ചെയ്യും.

(2) കാലതാമസം, ഇരട്ടിപ്പ്, അവ്യക്തത, ആവർത്തിച്ചുള്ള പരിശോധന എന്നിവ കണ്ടെത്തിയ മേഖലകളിൽ നിലവിലുള്ള നടപടിക്രമങ്ങൾ പഠനവിധേയമാക്കുകയും ചെയ്യും.

(3) ഉദ്യോഗസ്ഥർ, വകുപ്പുകൾ, വിദഗ്ധർ, പൊതുജനങ്ങൾ ഉൾപ്പെടെയുള്ളവരിൽ നിന്നും പരിഷ്കരണ നിർദ്ദേശങ്ങൾ സ്വീകരിച്ച് തരംതിരിക്കുന്നതിന് ഡിജിറ്റൽ പോർട്ടൽ സജ്ജമാക്കും.

(4)ജനപ്രതിനിധികൾ, സെക്രട്ടറിമാർ, നിയമ-ധനകാര്യ-ആസൂത്രണ വകുപ്പ് മേധാവികൾ,വിദഗ്ധർ തുടങ്ങിയവരുമായി കൂടിയാലോചന നടത്തി നിലവിലെ തടസ്സങ്ങൾ മറികടക്കുന്നതിലേയ്ക്കായി നിയമപരമായി പ്രായോഗികമായ/ സാധ്യമായ പരിഷ്കാരങ്ങളും കണ്ടെത്തും.

(5) ശിൽപശാലകളും സമ്മേളനങ്ങളും വഴി നിർദ്ദേശങ്ങൾക്ക് അന്തിമരൂപം നൽകും

**(സി)** സർക്കാർ പ്രവൃത്തികളിൽ ബിസിനസ് പോളിസി ആൻഡ് പ്രോസസ് റീ-എഞ്ചിനീയറിംഗ് സെൽ എന്ന ആശയം എപ്രകാരമാണ് ഫലപ്രദമായി നടപ്പിലാക്കുക എന്ന് വിശദമാക്കാമോ?

**മറുപടി:** സെൽ ഒരു പ്രത്യേക വകുപ്പായല്ല, മറിച്ച് ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന ഒരു സംവിധാനമായാണ് പ്രവർത്തിക്കുക. സർക്കാർ നടപടിക്രമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിലെ നിലവിലുള്ള നടപടിക്രമങ്ങൾ, സേവനങ്ങൾ, നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ സമഗ്രമായി പരിശോധിച്ച് അനാവശ്യവും ആവർത്തനപരവുമായ നടപടികൾ കണ്ടെത്തി ഒഴിവാക്കുന്നതിനും നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പ്രധാനപ്പെട്ട സർക്കാർ സേവനങ്ങളുടെ നിലവിലെ നടപടിക്രമം (As-Is Process) രേഖപ്പെടുത്തി, ആവശ്യമായ ഘട്ടങ്ങൾ മാത്രം ഉൾപ്പെടുത്തി കൂടുതൽ ലളിതവും വേഗത്തിലുള്ളതുമായ ഭാവി നടപടിക്രമം (To-Be Process) രൂപകൽപ്പന ചെയ്യും. കാലഹരണപ്പെട്ട വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും ആവശ്യമായ നിയമ-ചട്ട ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും വകുപ്പുതല Nodal Officers മുഖേന ഏകോപനം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ഇതിലൂടെ സർക്കാർ പ്രവർത്തനങ്ങൾ കൂടുതൽ ലളിതവും വേഗത്തിലുള്ളതും സുതാര്യവും കാര്യക്ഷമവും പൗരകേന്ദ്രിതവുമാക്കുകയാണ് BPPR Cell-ന്റെ പ്രധാന ലക്ഷ്യം

**സെക്ഷൻ ഓഫീസർ**